## ഇസ്‌ലാമിന്റെ മുഖത്ത് കരിവാരിത്തേക്കുന്നവർ

**സമീപകാലത്ത്** നടക്കുന്ന കുറ്റകൃത്യങ്ങളിൽ മുസ്‌ലിം നാമധാരികൾ പ്രതികളാകുന്ന പ്രവണത കൂടിവരികയാണ്. ഷഹാനയെന്ന നാലാം ക്ലാസ്സുകാരിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച് കൊന്നുകളഞ്ഞത് മായിൻകുട്ടിയെന്ന 45-കാരനാണ്. 16 വയസ്സുകാരി സഫിയയെ പീഡിപ്പിക്കുകയും അതിക്രൂരമായി കൊലപ്പെടുത്തുകയും ചെയ്തത് ഹംസയെന്ന ഒരാളാണ്. സ്വന്തം മകളെ പലതവണ ലൈംഗികമായി പീഡിപ്പിക്കുകയും അതും പോരാഞ്ഞ് സാമ്പത്തിക നേട്ടത്തിന് വേണ്ടി സുഹൃത്തുക്കൾക്ക് കാഴ്ചവെക്കുകയും ചെയ്ത ദുഷ്ടൻ ഒരു മുസ്‌ലിം നാമധാരിയായിരുന്നു. സീനത്ത് എന്ന യുവതിയെ കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്താൻ ശ്രമിച്ചത് സ്വന്തം ഭർത്താവാണ്. വിവാഹ തട്ടിപ്പുകേസുകളിലും മുസ്‌ലിം നാമധാരികൾ ധാരാളം.

മനുഷ്യമനസ്സിൽ ധാർമിക ചിന്തയും മൂല്യബോധവും നഷ്ടപ്പെട്ടതാണ് ഇതിനെല്ലാം കാരണം. ഇത് വീണ്ടെടുക്കണമെങ്കിൽ എല്ലാ മുസ്‌ലിം സംഘടനകളും പ്രബോധകരും ഒറ്റക്കെട്ടായി മുന്നോട്ടു വരികയേ മാർഗമുള്ളൂ.

**സി.കെ മുഹമ്മദ് കടലായി**
**രിയാദ്**

## കത്തുകൾ




# കുടുംബം കൊലക്കളമാവാതിരിക്കാൻ

**സാക്ഷര** പ്രബുദ്ധ കേരളം രാജ്യാന്തര സമൂഹത്തിന് മാതൃകയാണെന്ന മലയാളിയുടെ ഊറ്റംകൊള്ളൽ വെറും മിഥ്യയാണെന്ന് വിളിച്ചു പറയുകയാണ് പട്ടാമ്പി ആമയൂരിൽ ഭാര്യയെയും നാലു മക്കളെയും പൈശാചികമായി കൊലപ്പെടുത്തിയ റജി എന്ന കശ്മലൻ.

ദിനംപ്രതി നമുക്കുചുറ്റും നടമാടിക്കൊണ്ടിരിക്കുന്ന കൂട്ടക്കൊലകളും ആത്മഹത്യകളും, രോഗഗ്രസ്തമായിത്തീർന്ന കേരളീയ കുടുംബങ്ങളുടെ ശൈഥില്യത്തിന്റെ സൂചനയാണ്. പിതാവ് മകളെ ലൈംഗികമായി പീഡിപ്പിക്കുകയും പീഡിപ്പിക്കപ്പെട്ട മകളെയും മറ്റു മക്കളെയും മക്കൾക്ക് ജന്മം നൽകിയ ഭാര്യയെയും, കാമുകിയുമായുള്ള സുഖജീവിതത്തിനുള്ള തടസ്സം നീക്കാൻ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ക്രൂരമായി കൊല ചെയ്ത സംഭ്രമജനകമായ ആമയൂർ കൂട്ടക്കൊല എന്തുമാത്രം ഹൃദയഭേദകമല്ല!

അമ്മ മക്കളെ പുഴയിലെറിഞ്ഞു കൊന്ന് ആത്മഹത്യ ചെയ്യുന്നതും, കുഞ്ഞിനെ എടുത്ത് തീവണ്ടിക്ക് മുന്നിൽ ചാടി മരിക്കുന്നതുമായ സംഭവങ്ങൾ പതിവ് വാർത്തകൾ. ദമ്പതികൾക്കിടയിലെ സംശയം പലപ്പോഴും കൊലയിൽ കലാശിക്കുന്നു. കുടുംബകലഹം മൂത്ത് ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും പെരുകി വരുന്നു. കൂട്ട ആത്മഹത്യ എന്ന് മാധ്യമങ്ങൾ വിധി എഴുതുന്ന പലതും 'കുടുംബ കൊലപാതക ആത്മഹത്യ'കളാണെന്നാണ് പ്രമുഖ ക്രിമിനോളജിസ്റ്റായ ഡോ. ജെയിംസ് വടക്കുഞ്ചേരി പറയുന്നത്. രണ്ടായിരമാണ്ടിനു ശേഷം, ഇത്തരം സംഭവങ്ങൾ വർധിച്ചുവരികയാണത്രെ. ഈ 'കുടുംബ കൊലപാതക ആത്മഹത്യ'കൾക്ക് സാമ്പത്തികമെന്നതിനേക്കാൾ കുടുംബ ഛിദ്രതയാണ് കാരണമാകുന്നത്. ആത്മഹത്യാ പ്രവണതയുള്ളവർ കുട്ടികളെ കൊന്ന ശേഷം, സ്വയം മരിക്കുന്ന രീതിയാണ് അവലംബിക്കുന്നതെന്ന് മനഃശാസ്ത്രജ്ഞർ പറയുന്നു.

കുടുംബം ഒരു കൂട്ടായ്മയാണ്. നമ്മൾ ഏറ്റവും സുരക്ഷിതമെന്ന് കരുതുന്ന കുടുംബം, അരക്ഷിതത്വത്തിന്റെയും അവിശ്വാസത്തിന്റെയും കേന്ദ്രമായി മാറുകയാണോ? ആശ്രയവും അവലംബവുമായി നാം കരുതിപ്പോരുന്ന കുടുംബം, ലൈംഗിക പീഡനങ്ങളുടെയും കുടുംബ കലഹങ്ങളുടെയും കൊലപാതകങ്ങളുടെയും ഭീകര കേന്ദ്രങ്ങളായി മാറുമ്പോൾ തകർക്കപ്പെടുന്നത് സ്നേഹമസൃണ കുടുംബം എന്ന മഹിത സങ്കൽപമാണ്. ബാലികമാർ ഏറ്റവും കൂടുതൽ ലൈംഗിക പീഡനങ്ങൾക്കിരയാവുന്നത് ഗൃഹാന്തരീക്ഷത്തിൽ ഏറ്റവും അടുത്ത ബന്ധുക്കളിൽനിന്നു തന്നെയാണെന്ന് വരുമ്പോൾ സദാചാര സങ്കൽപങ്ങളെല്ലാം കീഴ്മേൽ മറിയുകയാണ്.

വിഷാദ രോഗികളായ അമ്മമാർ മക്കളെ കൊന്ന് തീവണ്ടിക്ക് മുന്നിലും പുഴയിലും ചാടി ആത്മഹത്യ ചെയ്യുന്നു. ഭർത്താവിന്റെ മദ്യപാനവും മറ്റു അസാന്മാർഗിക പ്രവൃത്തികളുമാണ് പലരെയും വിഷാദ രോഗികളാക്കുന്നത്. കുഞ്ഞുങ്ങളെ കൊല ചെയ്ത് സ്വയം ജീവനൊടുക്കാൻ ശ്രമിച്ച് പരാജയപ്പെട്ട് ജയിലിൽ കഴിയുന്ന അമ്മമാർ പറയുന്നു: 'മക്കളെ കൊന്നില്ലെങ്കിൽ ഞങ്ങൾ മരിച്ച് അവർ കഷ്ടപ്പെടില്ലേ?' തങ്ങൾക്കും കുഞ്ഞുങ്ങൾക്കും ആഹാരം നൽകുന്നതും സംരക്ഷണത്തിന്റെ അവലംബമായി വർത്തിക്കുന്നതും ജഗന്നിയന്താവാണെന്നും കുട്ടികളുടെ ഭൂതവും ഭാവിയും അവന്റെ നിയന്ത്രണത്തിലാണെന്നുമുള്ള യാഥാർഥ്യം ഈ അമ്മമാരുടെ ദുർബല മനസ്സുകളിൽ സ്വാധീനം ചെലുത്തുന്നില്ല.

തകരുന്ന കുടുംബങ്ങളെ ശൈഥില്യത്തിൽനിന്ന് കരകയറ്റാൻ കുറുക്കുവഴിയേതുമില്ല. ബന്ധങ്ങൾ സുദൃഢമാക്കാൻ അനിവാര്യമായ ജീവിതശൈലി സ്വായത്തമാക്കുകയേ മാർഗമുള്ളൂ. അമേരിക്ക പോലുള്ള ചില രാഷ്ട്രങ്ങളിൽ 'ഫാമിലി തെറാപ്പി നെറ്റ്‌വർക്ക്' പ്രവർത്തിക്കുന്നുണ്ട്. ഉറ്റ ബന്ധുക്കളിൽനിന്നും മറ്റും നേരിടേണ്ടിവരുന്ന ലൈംഗിക പീഡനങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള പോംവഴികൾ വിശദീകരിക്കുന്ന ഒരു കൈപുസ്തകം തയാറാക്കിയിട്ടുണ്ട് അമേരിക്കയിലെ പ്രോസിക്യൂട്ടറായ ജിൽസ്റ്റാറിഷ്‌വ്സ്കി. ആറു വയസ്സു മുതൽ വളർത്തച്ഛന്റെ പീഡനത്തിനിരയായ ബാലികയുടെ കേസിൽനിന്നാണ് പുസ്തക രചനക്ക് പ്രേരണ ലഭിച്ചതെന്ന് അവർ പറയുന്നു. ഗൃഹാന്തരീക്ഷത്തിലെ കൈയേറ്റം, കുടുംബ ശൈഥില്യത്തിന് വഴിവെക്കുന്ന മറ്റു പ്രശ്നങ്ങൾ എന്നിവയിൽ മാർഗദർശനം നൽകാൻ ഉപയുക്ത

## ഖുർആൻ, എഴുത്തിന്റെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്നുവോ?

**ഇസ്‌ലാമെഴുത്ത്** എന്ന പ്രബന്ധത്തിന്റെ ആദ്യഭാഗം (ലക്കം 7) അതിന്റെ പിന്നീടുള്ള ഭാഗത്തെ സ്വയം ഖണ്ഡിക്കുന്നുണ്ട്. ആദ്യ വാചകം തുടങ്ങുന്നത് "അനവധി സൗന്ദര്യങ്ങളുടെ സത്തയാണിസ്‌ലാം. കേവലമായ ഒരർഥത്തിൽ അതൊരു മതമേ അല്ല. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം, ലോകം, പ്രപഞ്ചം എന്നിവയെല്ലാം ചൂഴ്ന്നു നിൽക്കുന്ന ബോധമാണത്. ഇതിൽ ഏതെങ്കിലുമൊന്ന് മാറ്റി നിർത്തിയാൽ ഇസ്‌ലാമിനെ പൂർണമായി പഠിക്കാനോ പുണരാനോ സാധ്യമല്ല." ഒപ്പം "ഇസ്‌ലാമിനെ കേവലം കുറേ അനുഷ്ഠാനങ്ങളുടെ മാത്രം സമാഹാരമായി മനസ്സിലാക്കിയതാണ് അതിന്റെ സർഗപ്രപഞ്ചം മറഞ്ഞുനിൽക്കാൻ കാരണമായത്" എന്നും എഴുതുന്നു. അതായത് ഇസ്‌ലാമിന്റെ സമഗ്ര മുഖത്തിന് അനുഷ്ഠാനാതിപ്രസരം മുഖേന മങ്ങലേറ്റു. അത്തരം ഒരു മുഖം നഷ്ടപ്പെടുത്തലിന് കാരണം സർഗാത്മകമായ ഇടപെടലുകൾ സംഭവിക്കാത്തതോ, സർഗാത്മകതയെ നിരാകരിച്ചതോ ആണെന്നും വ്യക്തമാക്കപ്പെട്ടു. ഇനിയാണ് പരസ്പര വൈരുധ്യങ്ങളുടെ സ്വയം ഖണ്ഡിക്കുന്ന വാക് പ്രയോഗങ്ങൾ.

സമഗ്ര ഇസ്‌ലാമിന്റെ സമ്പൂർണ മുഖത്ത് കറ പുരണ്ടത് സർഗാത്മക സമീപനത്തിൽ വന്ന പാളിച്ചകളാണെന്നും അതിൽനിന്ന് അൽപമെങ്കിലും ഇസ്‌ലാം കരകയറിയത് ഇമാം ഗസ്സാലി, അബുൽ അഅ്‌ലാ മൗദൂദി പോലുള്ളവരുടെ ഇടപെടലുകളിലൂടെയാണെന്നും പറയുന്നു. അതിനവർ സ്വീകരിച്ച മാർഗം 'ഇസ്‌ലാമിന്റെ കേന്ദ്ര ബിന്ദുവിൽ ചിന്തയുടെ മൂർച്ചയെ ഉറപ്പിച്ചുനിർത്തി അറിവിന്റെ വിശാലതക്കു ചുറ്റും എഴുത്തിന്റെ സൃഷ്ടിപരതയെ കണ്ണിചേർത്തുകൊണ്ടും ഇസ്‌ലാമിന്റെ സമഗ്രതയെ സാമൂഹിക രാഷ്ട്രീയ വ്യവഹാരങ്ങളിലെ സർഗാത്മകതയെ കൂടി ഉൾപ്പെടുത്തി പുനരാലോചിച്ചുമാണെന്നും' സമർഥിക്കുന്നു.

പിന്നെ പറയുന്നു, 'ഈമാൻ പൂർണമാകുന്നതോടു കൂടി ഒരാളുടെ സാഹിത്യ രചന അവസാനിക്കുകയാണ്' എന്ന്! പ്രയാസങ്ങളെ അതിജീവിക്കാനും ക്ഷമ കൈക്കൊള്ളാനുമുള്ള കരുത്ത് ഇസ്‌ലാമിലൂടെ ആർജിക്കുന്ന ഒരാളിൽ ഭൗതിക വിരക്തി ഉണ്ടാവുകയും സർഗാത്മകത അന്യം നിന്നുപോവുകയും ചെയ്യുന്നു എന്നും എഴുതുന്നു. ഖുർആൻ എഴുത്തുകാരന്റെ ആത്മവിശ്വാസത്തെ 'അത്രമേൽ' തോൽപിച്ചു കളഞ്ഞുവല്ലോ. ഒരു ഖുർആൻ വിമർശകനും നടത്താത്ത ആരോപണമാണിതെന്ന് പറയേണ്ടിവരുന്നു.

ഇസ്‌ലാം സമ്പൂർണമാവാൻ സർഗാത്മക പ്രപഞ്ചം വികസിക്കണമെന്നും അതിലൂടെയാണ് ഈമാൻ പൂർണമാവുകയെന്നും പരിഷ്കർത്താക്കളെ ഉദാഹരിച്ച് വിവരിച്ച ശേഷം, ഈമാൻ പൂർണമായാൽ സർഗാത്മകത നിലക്കുമെന്നും ഖുർആൻ, എഴുത്തുകാരന്റെ ആത്മവിശ്വാസത്തെ തോൽപിച്ചുകളഞ്ഞുവെന്നും പ്രബന്ധകാരൻ തിരിച്ചും പറയുന്നു.

**അശ്റഫ് ബഷീർ ഉളിയിൽ**

മായ കൗൺസലിംഗ്-ഫാമിലി തെറാപ്പി സെന്ററുകൾ നമ്മുടെ നാട്ടിലും തുടങ്ങാവുന്നതാണ്.

സ്വന്തം കുടുംബത്തിൽ സദാചാര-ധാർമിക മൂല്യങ്ങൾ പുലരുന്നു എന്ന് ഉറപ്പുവരുത്താനുള്ള ബാധ്യത ഓരോ ഗൃഹനാഥന്നും ഗൃഹനാഥക്കും ഉണ്ട്. പരസ്പര വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഗൃഹപാഠങ്ങൾ സന്തതികൾക്ക് മാതൃകയാവുംവിധം ദമ്പതികൾ സ്വയം കാഴ്ചവെക്കണം. ജീവിത വിശുദ്ധിയുടെയും വിട്ടുവീഴ്ചാ മനഃസ്ഥിതിയുടെയും പരസ്പര അംഗീകാരത്തിന്റെയും സ്നേഹമസൃണമായ പെരുമാറ്റത്തിന്റെയും സുദൃഢ പാശത്താൽ കുടുംബാംഗങ്ങൾ ബന്ധിതരാവണം.

പ്രയാസങ്ങളും പ്രതിബന്ധങ്ങളും ജീവിതപ്രയാണത്തിലെ അനിവാര്യതകളാണ്. അവയെ ക്ഷമാപൂർവം അഭിമുഖീകരിക്കുകയും പരിഹരിക്കുകയും ചെയ്യുക എന്നതാണ് വിവേകത്തിന്റെയും വിജയത്തിന്റെയും മാർഗം. മൂല്യാധിഷ്ഠിതവും സദാചാരപൂർണവുമായ ജീവിതശൈലിയിലൂടെ മാത്രമേ ശാന്തിയും സമാധാനവും കളിയാടുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കാനാവൂ.

**റഹ്മാൻ മധുരക്കുഴി**

## മഞ്ചേരിയും കുരിക്കളുടെ ഓർമകളും

**എം.പി അബ്ദുർറഹ്മാൻ** കുരിക്കളുടെ ഓർമകൾ ആറ് ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചത് പ്രത്യേക താൽപര്യത്തോടെയാണ് വായിച്ചത്. മഞ്ചേരിയെ മുസ്‌ലിം കേരളത്തിന്റെ ഹൃദയം എന്ന് വിശേഷിപ്പിക്കാം. മഞ്ചേരി സെൻട്രൽ ജുമുഅത്ത് പള്ളിയും അതുൾക്കൊള്ളുന്ന മഹല്ലും അവിടത്തെ മാതൃകാ യോഗ്യമായ ഇസ്‌ലാമിക സംരംഭങ്ങളും യാഥാസ്ഥിതിക രീതികളിൽനിന്ന് മുക്തമാണ് എന്ന വസ്തുത ആഹ്ലാദകരമത്രെ.

ഈയൊരു അന്തരീക്ഷം അവിടെയുണ്ടാക്കിയെടുക്കുന്നതിൽ കുരിക്കൾ വഹിച്ച പങ്ക് വലുതാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യകാലത്തുതന്നെ ഹാജി സാഹിബുമായുള്ള വ്യക്തിബന്ധത്തിലൂടെ മഞ്ചേരിയിൽ പ്രസ്ഥാനത്തിന് വേരോട്ടമുണ്ടാക്കിയ ഇദ്ദേഹത്തിന്, മഞ്ചേരിയിലെ സുന്നീ മഹല്ലിൽ പ്രവർത്തിക്കാൻ ഒന്നും തടസ്സമായില്ല എന്നത് അദ്ദേഹത്തിന്റെ ഇസ്‌ലാമിക സാമൂഹിക പ്രവർത്തനങ്ങൾക്ക് തിളക്കം കൂട്ടുന്നു. യാഥാസ്ഥിതിക പണ്ഡിത സഭകളുടെ നിലപാടുകളെ വിവേചനബുദ്ധ്യാ അവഗണിക്കാനുള്ള ആർജവം അവർ പുലർത്തുന്നത് സന്തോഷകരമാണ്. യാഥാസ്ഥിതിക പണ്ഡിതർ അയിത്തം കൽപിക്കുന്ന സംഘടിത സകാത്ത് സംഭരണ-വിതരണ വ്യവസ്ഥ, സമൂഹത്തിലെ ദുർബല വിഭാഗത്തിനാശ്വാസമേകിക്കൊണ്ട് ഈ മഹല്ലിൽ വർഷങ്ങളായി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

വായനക്കാർക്ക് പ്രയോജനകരമാം വിധം ഓർമകൾ പകർന്നുനൽകിയ അബ്ദുർറഹ്മാൻ കുരിക്കൾക്കും, അവ ഭംഗിയായി കോർത്തിണക്കി അവതരിപ്പിച്ച സ്വദ്റുദ്ദീൻ വാഴക്കാടിനും അഭിനന്ദനങ്ങൾ.

**ടി.എം പെരിമ്പലം**

## പരിഹാരങ്ങൾ ദൈവികമാവട്ടെ

**'മൂല്യങ്ങളേ** മാറി നിൽക്കൂ, വാടക മാതൃത്വം മുന്നോട്ട്' എന്ന ലേഖനത്തിൽ (ലക്കം 6) കുട്ടികൾ ഉണ്ടാകാൻ സാധ്യത ഇല്ലാത്ത ദമ്പതികൾക്ക് ദത്തെടുക്കൽ ഒരു പരിഹാരമായി ലേഖകൻ നിർദേശിക്കുന്നു. അനാഥകുട്ടികളാണ് ഉത്തമം എന്നും പറയുന്നു. മാതാപിതാക്കൾ ഉള്ള കുട്ടികളെയും ദത്തെടുക്കാം എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. മാതാപിതാക്കൾ ഉള്ള കുട്ടികളെ ദത്തെടുത്താലും ആ കുട്ടികൾക്ക് അവരുടെ യഥാർഥ മാതാപിതാക്ക

ളിൽനിന്ന് ലഭിക്കേണ്ട സ്നേഹം നഷ്ട മാകും. യത്തീമായ ഒരു കുട്ടിയെത്തന്നെ ദത്തെടുത്താലും, ആ കുട്ടി ദത്തെടുക്കുന്ന വരുടെ മകനോ മകളോ ആകില്ല, ദീനിലെ സഹോദരങ്ങളേ ആകൂ. ആ കുട്ടികൾ ദത്തെടുക്കുന്നവരുടെ കുട്ടികളായി അറിയ പ്പെടാനും പാടില്ല. ഖുർആൻ പറയുന്നു: "നിങ്ങളുടെ ദത്ത് കുട്ടികൾ നിങ്ങളുടെ മക്കൾ അല്ല. അത് നിങ്ങളുടെ വാ കൊണ്ടുള്ള പറച്ചിൽ മാത്രമാണ്... നിങ്ങൾ അവരെ അവരുടെ പിതാക്കന്മാരിലേക്ക് ചേർത്ത് വിളിക്കുക. അതാണ് അല്ലാഹുവി ന്റെയടുത്ത് ഏറ്റവും നീതിപൂർണമായത്. ഇനി നിങ്ങൾക്ക് അവരുടെ പിതാക്കന്മാരെ അറിയില്ലെങ്കിൽ അവർ ദീനിൽ നിങ്ങളുടെ സഹോദരന്മാരും, നിങ്ങളുടെ സംരക്ഷണ ത്തിൽ ഉള്ളവരും ആകുന്നു" (*അൽഅഹ് സാബ്* 4,5).

ദമ്പതികൾ തമ്മിലുള്ള ആത്മബന്ധം തകരുമോ എന്ന പേടിയാണ്, ഖുർആൻ അനുവദിച്ച ഒരു ഇളവിനെ മറികടന്ന് മേൽപറഞ്ഞ ദത്തെടുക്കൽ പരിഹാരം നിർദേശിക്കാൻ ലേഖകനെ പ്രേരിപ്പിച്ചത്. അവകാശങ്ങൾ നൽകുന്നതിലെ നീതിലം ഘനമാണ് ബഹുഭാര്യാത്വത്തിൽ പേടിക്കേ ണ്ടത്. സ്വന്തമായി ഒരു അനന്തരാവകാശി ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്ന പുരു ഷൻ, ഭാര്യമാരുടെ അവകാശങ്ങളിൽ നീതി പുലർത്താൻ കഴിയുമെങ്കിൽ അല്ലാഹു അനുവദിച്ച ഇളവ് സ്വീകരിക്കുകയല്ലേ വേണ്ടത്. ഇബ്റാഹീമീ മാർഗം പിൻപറ്റണ മെന്നല്ലേ സത്യവിശ്വാസികൾക്ക് നൽകപ്പെ ട്ട നിർദേശം.

**ടി.എ ഷക്കീർ**
**എം.എൽ റോഡ്, കോട്ടയം-1**

## മാധ്യമം വെളിച്ചം സാഹിത്യ മത്സരം

***മാധ്യമം*** വെളിച്ചം സാഹിത്യമത്സരത്തിന് സൃഷ്ടികൾ ക്ഷണിക്കുന്നു. സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി കഥ, കവിത എന്നീ ഇനങ്ങളിലാണ് സം സ്ഥാന തലത്തിൽ മത്സരം നടത്തുന്നത്. 8 മുതൽ 12-ാം ക്ലാസ് വരെയുള്ളവർ ക്കാണ് സ്കൂൾ തല മത്സരം. കഥ അഞ്ച് ഫുൾസ്കാപ്പ് പേജിലും കവിത ഒരു ഫുൾസ്കാപ്പ് പേജിലും കവിയരുത്. ഒരാൾക്ക് രണ്ടിനങ്ങളിലും പങ്കെടുക്കാം. ഓരോ ഇനത്തിലും ഒരു സൃഷ്ടി മാത്രമേ അയക്കാൻ പാടുള്ളൂ.

സൃഷ്ടികൾ സ്വന്തം കൈപ്പടയിൽ കടലാസിന്റെ ഒരു വശത്ത് മാത്രം എഴു തുക. സൃഷ്ടിയോടൊപ്പം സ്ഥാപന മേ ധാവിയുടെ സാക്ഷ്യപത്രവും സ്വന്തം മേൽവിലാസമെഴുതിയ പോസ്റ്റ്കാർഡും വെക്കണം. സ്ഥാപനത്തിന്റെയും വിദ്യാർ ഥിയുടെയും വിലാസത്തോടൊപ്പം ജില്ല, പിൻകോഡ്, ഫോൺ നമ്പർ എന്നിവ ചേർക്കുക. 2008 ഒക്ടോബർ 20-ന് മുമ്പ് സൃഷ്ടികൾ താഴെ കൊടുത്ത വിലാസ ത്തിൽ അയക്കുക.

**വെളിച്ചം സാഹിത്യ മത്സരം**
**മാനേജർ - പബ്ലിക് റിലേഷൻസ്**
***മാധ്യമം*, സിൽവർഹിൽസ്**
**കോഴിക്കോട് - 12**

## ചുരുക്കെഴുത്ത്

**എല്ലാ** മതവിശ്വാസികളും വായിക്കേണ്ട പഠ നമാണ് പി.പി അബ്ദുർറസ്സാഖിന്റെ 'പ്രവാ ചക ദൗത്യവും അമാനുഷ ദൃഷ്ടാന്തവും' (ലക്കം 9). വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും വേദക്കാർക്ക് മാത്രമല്ല മുഴുലോ കത്തിനും അവകാശപ്പെട്ടതാണെന്ന് തെളി യിക്കാൻ ലേഖകന് കഴിഞ്ഞിട്ടുണ്ട്.

**മമ്മുട്ടി കവിയൂർ, ചൊക്ലി**

## തഫ്ഹീം കമ്പ്യൂട്ടർ പതിപ്പ് രജിസ്ട്രേഷൻ പുരോഗമിക്കുന്നു

**സയ്യിദ്** അബുൽ അഅ്ലാ മൗദൂദിയുടെ വിഖ്യാത ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ *തഫ്ഹീമുൽ ഖുർആന്റെ* മലയാളം കമ്പ്യൂട്ടർ പതിപ്പിന്റെ രജി സ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ജമാഅത്തെ ഇസ്ലാമി പ്രാദേ ശിക ഘടകങ്ങൾ മുഖേനയും ഐ.പി.എച്ച് ശാഖകൾ, ഏജൻസികൾ വഴിയുമാണ് രജിസ്ട്രേഷൻ സൗകര്യമേർപ്പെടുത്തിയിരിക്കുന്നത്.

ഉപയോക്താക്കൾക്ക് തങ്ങളുടെ കമ്പ്യൂട്ടറിന്റെ സവിശേഷതയനുസ രിച്ച് സി.ഡി, ഡി.വി.ഡി പതിപ്പുകൾ ആവശ്യാനുസരണം തെരഞ്ഞെടു ക്കാൻ സൗകര്യമുണ്ട്. ഏതു പതിപ്പായാലും കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്കിൽ പൂർണമായി ഇൻസ്റ്റാൾ ചെയ്തു പ്രവർത്തിപ്പിക്കാവുന്ന രീതി യിലാണ് സോഫ്റ്റ്വെയർ രൂപകൽപന ചെയ്തിരിക്കുന്നത്. കമ്പ്യൂട്ടറില ല്ലാതെ സാധാരണ സി.ഡി പ്ലേയറിലോ വി.സി.ഡി പ്ലേയറിലോ ഇത് പ്രവർത്തിപ്പിക്കാൻ സാധ്യമല്ല. ഒരിക്കൽ ഇൻസ്റ്റാൾ ചെയ്താൽ പിന്നെ സി.ഡിയുടെയോ ഡി.വി.ഡിയുടെയോ ആവശ്യമില്ലാതെത്തന്നെ ഹാർഡ് ഡിസ്കിൽനിന്ന് ഇത് നേരിട്ട് പ്രവർത്തിപ്പിക്കാം. പിന്നീടുള്ള ആവശ്യ ങ്ങൾക്കു വേണ്ടി ഒറിജിനൽ സി.ഡി/ഡി.വി.ഡി സൂക്ഷിച്ചുവെക്കാവുന്ന താണ്.

സുഊദി കെ.ഐ.ജിയുടെ സഹകരണത്തോടെ വികസിപ്പിച്ച തഫ്ഹീം കമ്പ്യൂട്ടർ പതിപ്പിന്റെ വിതരണം കോഴിക്കോട് ഹിറാ സെന്റർ ആസ്ഥാന മായി പ്രവർത്തിക്കുന്ന ധർമധാരയാണ് ഏറ്റെടുത്തിരിക്കുന്നത്.